(എ) സ്വാതന്ത്ര്യത്തിന്റെ സുവർണ്ണജൂബിലി പ്രമാണിച്ച് ഒരു പെൺകുട്ടി മാത്രമുള്ള കുടുംബത്തിലെ പെൺകുട്ടികൾക്കായി 10,000 രൂപ ഗ്രാന്റ് അനുവദിക്കുന്നതിനായി പൊതുജനങ്ങളിൽ നിന്ന് അപേക്ഷ ലഭിച്ചിട്ടുണ്ടോ;

(ബി) ഏതെല്ലാം ജില്ലകളിൽ നിന്ന് ഇപ്രകാരം അപേക്ഷ ലഭിച്ചിട്ടുണ്ട്;

(സി) ഈ അപേക്ഷയുടെ അടിസ്ഥാനത്തിൽ എത്ര പേർക്ക് ആനുകൂല്യങ്ങൾ നൽകിയിട്ടുണ്ട്;

(ഡി) ഈ ഇനത്തിലേക്കായി കേന്ദ്ര സർക്കാർ എന്തെങ്കിലും ഫണ്ട് അനുവദിച്ചിട്ടുണ്ടോ?

ഉത്തരം

(എ)മുതൽ(ഡി)വരെ സ്വാതന്ത്ര്യത്തിന്റെ സുവർണ്ണജൂബിലി പ്രമാണിച്ച് ഒരു പെൺകുട്ടി മാത്രമുള്ള കുടുംബത്തിന് 10,000/-രൂപ ഗ്രാന്റ് നൽകുന്ന ഒരു പദ്ധതി സാമൂഹ്യക്ഷേമവകുപ്പു വഴി നടത്തുന്നില്ല.

എന്നാൽ 1997- ലെ 50-ാം സ്വാതന്ത്ര്യദിനത്തോടനുബന്ധിച്ച് പ്രധാനമന്ത്രി പ്രഖ്യാപിച്ച 'ബാലിക സമൃദ്ധിയോജന' എന്ന പേരിലുള്ള പദ്ധതി സംസ്ഥാനത്ത് നടപ്പിലാക്കിയിട്ടുണ്ട്. ഈ പദ്ധതിയനുസരിച്ച് ദാരിദ്യരേഖയ്ക്കു താഴെയുള്ള കുടുംബങ്ങളിൽപ്പെട്ടതും 1997 ആഗസ്റ്റ് 15-ന് ശേഷം ജനിച്ചതുമായ പെൺകുഞ്ഞുങ്ങളുടെ അമ്മമാർക്ക് പ്രസവാനന്തര സഹായമായി 500 രൂപ ഗ്രാന്റായി നൽകുന്നു. ഒരു കുടുംബത്തിലെ രണ്ടു പെൺകുട്ടികളുടെ ജനനത്തിനു മാത്രമേ ഗ്രാന്റിനർഹതയുള്ളു. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ വഴിയാണ് ഈ പദ്ധതി നടപ്പാക്കുന്നത്.

റീസർവ്വേ പൂർത്തിയാക്കാൻ നടപടി

57 (2113)ശ്രീ. സി.ടി. അഹമ്മദ് അലി :

ശ്രീ. പി.കെ. അബ്ദുറബ്ബ് :

ശ്രീ. കെ.പി.എ. മജീദ് :

ശ്രീ. പി.കെ.കെ. ബാവ :

ശ്രീ. എ.വി. അബ്ദുറഹിമാൻ ഹാജി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റീസർവ്വേ ജോലികൾ പൂർത്തിയാക്കി റവന്യൂ ഡിപ്പാർട്ടുമെന്റിന് റെക്കാർഡുകൾ കൈമാറുന്നതിന് എന്നത്തേക്കു സാധിക്കും;

(ബി) ഏതെല്ലാം ജില്ലകളിൽ റീസർവ്വേ പൂർത്തിയാക്കി റെക്കാർഡുകൾ റവന്യൂ വകുപ്പിന് നൽകാൻ കഴിഞ്ഞു;

(സി) എല്ലാ ജില്ലകളിലും റീസർവ്വേ പൂർത്തീകരിക്കുന്നതിന് വേണ്ടത്ര സ്റ്റാഫിനെ നിയോഗിക്കുമോ?

ഉത്തരം

(എ) ടോട്ടൽ സ്റ്റേഷൻ തുടങ്ങിയ ആധുനിക ഉപകരണങ്ങൾ ലഭ്യമാക്കുന്ന മുറയ്ക്ക് ഘട്ടംഘട്ടമായി റീസർവ്വേ ജോലികൾ പൂർത്തിയാക്കി റെക്കാർഡുകൾ റവന്യൂ ഭരണത്തിന് കൈമാറുന്നതാണ്. എന്നത്തേയ്ക്ക് കൈമാറാൻ സാധിക്കുമെന്ന് കണക്കാക്കിയിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly

(ബി) 14 താലൂക്കുകളിൽ റീസർവ്വേ നടപടികൾ പൂർത്തിയാക്കിയിട്ടുണ്ട്. എന്നാൽ ഒരു ജില്ലയുടേയും റീസർവ്വേ പ്രവർത്തനങ്ങൾ പൂർണ്ണമായി പൂർത്തിയാക്കിയിട്ടില്ല.

(സി) ഇപ്പോഴുള്ള സ്റ്റാഫിനെ പുനർവിന്യസിപ്പിച്ച് റീസർവ്വേ പൂർത്തീകരിക്കുന്നതാണ്.

വരുമാന സർട്ടിഫിക്കറ്റ്

58 (2114)ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ :

ശ്രീ. ഇ.എം. അഗസ്തി : താഴെ കാണുന്ന ചോദ്യത്തിന് റവന്യൂ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

വരുമാന സർട്ടഫിക്കറ്റിനുള്ള അപേക്ഷയുമായി വരുന്നവർക്ക് അപേക്ഷ തീയതി മുതൽ രണ്ട് ദിവസത്തിനുള്ളിൽ സർട്ടിഫിക്കറ്റ് നൽകുകയോ നിരസിക്കുകയോ ചെയ്യണമെന്ന് നിർദ്ദേശം നൽകുമോ?

ഉത്തരം

അപേക്ഷയെ സംബന്ധിച്ച് അന്വേഷണം നടത്തി മാത്രമേ സർട്ടിഫിക്കറ്റ് നൽകാനാവൂ. വളരെയധികം അപേക്ഷകൾ ഓരോ ദിവസവും വരുന്നതിനാലും പ്രാദേശിക അന്വേഷണം ആവശ്യമായതിനാലും രണ്ടു ദിവസം എന്നുള്ളത് കൂടുതൽ അന്വേഷണം ആവശ്യമുള്ള അപേക്ഷകളിൽ പ്രായോഗികമല്ല. ഒരാഴ്ചയ്ക്കുള്ളിൽ തീരുമാനം കൈക്കൊണ്ട് സർട്ടിഫിക്കറ്റുകൾ വിതരണം ചെയ്യേണ്ടതാണെന്ന് കാണിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

ഭൂനികുതികളുടെ ഘടനയും തോതും

59 (2115)ശ്രീ. കെ. മുഹമ്മദാലി :

ശ്രീ. ജോർജ്ജ് ജെ.മാത്യു :

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ :

ശ്രീ. എം. മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ ഗവൺമെന്റ് അധികാരത്തിൽ വരുമ്പോൾ ഭൂനികുതിയുടെ ഘടനയും തോതും എന്തായിരുന്നു;

(ബി) 1995-96- ൽ ഭൂനികുതിയിനത്തിൽ എന്തു തുക പിരിഞ്ഞുകിട്ടി;

(സി) ഇപ്പോഴത്തെ ഭൂനികുതിയുടെ ഘടനയും തോതുമെന്തെന്ന് വിശദീകരിക്കുമോ;

(ഡി) ഈ തോതിൽ ഒരു വർഷം ഭൂനികുതിയിനത്തിൽ എന്തു തുക പിരിഞ്ഞുകിട്ടും എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) കേരള ഫിനാൻസ് ആക്ട് 1993 പ്രകാരം ആർ ഒന്നിന് പഞ്ചായത്തു പ്രദേശങ്ങളിൽ 50 പൈസയും, മുനിസിപ്പൽ/ടൗൺഷിപ്പ് പ്രദേശങ്ങളിൽ 1 രൂപയും, കോർപ്പറേഷൻ പ്രദേശങ്ങളിൽ 2 രൂപയും ആയിരുന്നു ഭൂനികുതിയുടെ നിരക്കുകൾ.

LIBRARY ARCHIVES Kerala Legislative Assembly